A 802

# വാർഷിക മൂല്യനിർണയം - 2016 - 17

# മലയാളം

## കേരളപാഠാവലി

സ്റ്റാന്റേർഡ്: VIII

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

**നിർദേശങ്ങൾ**

1. പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
2. ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം മാത്രം ഉത്തരമെഴുതുക.
3. ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. 'ഈ ലോകത്തിൽ ഒന്നും ശാശ്വതമായിട്ടില്ല. എല്ലാം മറഞ്ഞുപോകുന്നു.' 'കീർത്തിമുദ്ര'യിലെ ആശാന് ഇങ്ങനെ തോന്നാൻ കാരണം എന്ത്? (1)
   - കളിയോഗത്തോട് വിടവാങ്ങുന്ന കളിയായതിനാൽ.
   - കളിയോഗത്തിലെ ചെറുപ്പക്കാർ ഒന്നും കാര്യമായി എടുക്കാത്തതിനാൽ.
   - ആശിച്ച സ്നേഹം കൈവിട്ടുപോയതിനാൽ.
   - ബഹുമതികളൊന്നും കിട്ടാത്തതിനാൽ.

2. 'കുത്തിയൊലിക്കുന്ന രണ്ടു പ്രവാഹങ്ങൾ'
   'കളിയച്ഛൻ ജനിക്കുന്നു' എന്ന പാഠഭാഗത്തിലെ ഈ പ്രയോഗം സൂചിപ്പിക്കുന്നതെന്ത്? (1)
   - വൈലോപ്പിള്ളിയുടെയും ഒളപ്പമണ്ണയുടെയും കവിതകൾ.
   - ഡോക്ടർ.രാധാകൃഷ്ണന്റെ പ്രസംഗവും എൻ.വി. കൃഷ്ണവാരിയരുടെ തർജമയും.
   - പി. കുഞ്ഞിരാമൻനായരുടെ മനസ്സിൽ കവിത ആഗമിച്ചത്.
   - കളിയച്ഛൻ എന്ന കവിതയുടെ ആലാപനം.

3. കളിയോഗത്തോടു വിടവാങ്ങുന്നതിനു തൊട്ടുമുമ്പുള്ള കളി. ചുട്ടിയിടാനായി ആശാൻ അണിയറയിൽ കടന്നു.

   ആശയച്ചോർച്ച കൂടാതെ ഒറ്റവാക്യമാക്കുക. (1)

4. വെള്ളക്കുതിരകളുടെ ഒറ്റയൊറ്റയായുള്ള <u>കുളമ്പടിശബ്ദം</u> ആ വിജനതയിൽ മുഴങ്ങി. അടിവരയിട്ട പദത്തിന്റെ വിഗ്രഹാർഥം ഏത്? (1)
   - കുളമ്പടിയുടെ ശ്ബ്ദം
   - കുളമ്പടികളാവുന്ന ശബ്ദം
   - കുളമ്പടിയിലെ ശബ്ദം
   - കുളമ്പടിയും ശബ്ദവും

5. 'ഓരോ മേളത്തിന്റെയും അന്ത്യത്തിൽ മുഴങ്ങുന്ന വെടിക്കെട്ടിന്റെ <u>ഭയാനകമായ സൗന്ദര്യം</u> ഒച്ചപ്പാടു സൃഷ്ടിക്കുന്നതിന്റെ കലാഭംഗി അറിഞ്ഞ ഒരു സമൂഹത്തിനല്ലാതെ മറ്റാർക്കു മനസ്സിലാക്കാൻ കഴിയും.'

   അടിവരയിട്ട പദത്തിന്റെ സവിശേഷ അർഥം എഴുതുക. (2)

6. 'അരുണോദയത്തിനു മുമ്പ് കവിത <u>ഉണ്ടാകണം, ഉണ്ടാക്കണം</u>.' അടിവരയിട്ട പദങ്ങൾ സന്ദർഭത്തിൽ നൽകുന്ന അർഥവ്യത്യാസമെന്ത്? (2)



www.spandanamnews.blogspot.in

7. "പശ്ചിമതടാകത്തിലിറങ്ങി സ്നാനം ചെയ്തു
പൊൽചെമ്പട്ടുടുത്തർക്കദീപവും കൈയിലേന്തി
പ്രാർഥനയ്ക്കായിച്ചെല്ലും സന്ധ്യയാം പെൺകൊടിതൻ
പൂവനത്തിലുമമ്മേ, നിന്നെ ഞാൻ തിരഞ്ഞിതേ." *(ടി. ഉബൈദ് - കവിതയോട്)*

വരികളിലെ കാവ്യപരമായ സവിശേഷതകൾ കുറിക്കുക. (ഏതെങ്കിലും രണ്ടെണ്ണം) (2)

**8 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക. നാല് സ്കോർ വീതം** **(3 x 4 = 12)**

8. "വിണ്ടലമേറിയ താരകൾ - നിൻ കളി
വീണ്ടുമരങ്ങേറുകെന്നറിയിക്കിലും
പൊന്നിൻ മലരു തരികെന്നുഷസ്സുകൾ
തെന്നൽക്കുറിപ്പുകൾ വീണ്ടുമയയ്ക്കിലും" *(കളിയച്ഛൻ - പി. കുഞ്ഞിരാമൻനായർ)*

*(വിണ്ടലം - ആകാശം, തെന്നൽ - കാറ്റ്)*

"മിന്നലും ഇടിയും മഴയും ഒപ്പം. ഒരു ഇടവപ്പാതിമഴ. ആകാശം കടലിരമ്പമായി. എന്നാൽ ഭൂമിക്കു ചില വെള്ളത്തുള്ളികൾ മാത്രം."
"സ്വർണം വിളയുന്ന കിഴക്കേ ദിക്ക്. ചെങ്കതിർമാല ചൊരിയുന്ന ഉദയസൂര്യപ്രഭ."

*(കവിയുടെ കാൽപ്പാടുകൾ - പി. കുഞ്ഞിരാമൻനായർ)*

'പ്രകൃതിയെ ആരാധിക്കുന്ന കവി' എന്ന വിശേഷണം പി. കുഞ്ഞിരാമൻനായർക്ക് എത്രമാത്രം യോജിക്കുന്നു എന്ന് രചനകളെ അടിസ്ഥാനമാക്കി സമർഥിക്കുക.

9. 'സാന്നിധ്യം അനുഭവിക്കുമ്പോഴും അദൃശ്യയായി നിൽക്കുന്ന കാവ്യമാതാവിനെ അന്വേഷിക്കുകയാണ് കവി.' - ചുവടെ നൽകിയ സൂചനകൾക്കൊപ്പം പാഠഭാഗത്തിലെ മറ്റു സന്ദർഭങ്ങളും പ്രയോജനപ്പെടുത്തി ഈ പ്രസ്താവനയോടു പ്രതികരിക്കുക.

- പൂഞ്ചേലയുടെ സുവർണഭംഗി
- താരാട്ടിന്റെ സംഗീതം
- പാദപത്മത്തിന്റെ പാടുകൾ
- അമ്മയുടെ ആഭരണങ്ങൾ

10. "പ്രഭാതത്തിലെ കാർമുകിലിന് കൂടുതൽ സൗന്ദര്യമുണ്ടെന്ന് എനിക്കു തോന്നാറുണ്ട്. ചിലപ്പോൾ അത് ആകാശത്തിൽ കറുത്ത സിംഹം പോലെ നിൽക്കുന്നതായി തോന്നാം. മറ്റു ചിലപ്പോൾ അത് എന്റെ കാഴ്ചയിൽ ചെറിയ ചെറിയ കൊടുമുടികളായി പ്രത്യക്ഷപ്പെടുന്ന നീലക്കാർ പർവതമായി മാറുന്നു."

*(കെ.പി. അപ്പൻ)*

ഇതു പോലെ മേഘവും പ്രകൃതിയും നിങ്ങൾക്കു നൽകിയ അനുഭവങ്ങളിൽ ഏറ്റവും ഹൃദ്യമായ ഒന്ന് വിശദമാക്കുന്ന കുറിപ്പ് തയാറാക്കുക.

11. "സുയോധനന്റെ കപ്പൽ ഇപ്പോൾ നടുക്കടലിലാണ്. ആ നൗകയെ നടുക്കടലിലേക്ക് ആനയിച്ചതിനുശേഷം അതിൽനിന്ന് പിന്മാറുന്നതിലും നീചമായ കൃത്യം വേറെ എന്താണ് എനിക്കു ചെയ്യാൻ കഴിയുക."

വരികളിൽ തെളിയുന്ന കർണന്റെ നിലപാടുകൾ വിലയിരുത്തി കുറിപ്പ് തയാറാക്കുക.

**12 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക. 6 സ്കോർ വീതം** **(2 x 6 = 12)**

12.
- ഒച്ചയെ നാം കലയാക്കി വളർത്തി.
- പൂരങ്ങളുടെ അകമ്പടിയായുള്ള മേളം.
- കൊട്ടുകച്ചേരികളുടെ പെരുമ.



www.spandanamnews.blogspot.in

- സ്വരത്തേക്കാളധികം നാദം.
- വാദ്യകലകളുടെ വൈവിധ്യം.

നൽകിയിട്ടുള്ള സൂചനകൾ പ്രയോജനപ്പെടുത്തി കേരളത്തിന്റെ വാദ്യകലാപാരമ്പര്യത്തെക്കുറിച്ച് ഉപന്യാസം തയാറാക്കുക.

13. "കളിയരങ്ങത്തുനിന്നു വിടവാങ്ങുന്നതോടെ താൻ താനല്ലാതായിത്തീരുന്നു".

"അനുഗൃഹീത കലാകാരന് അരങ്ങ് അന്ത്യരംഗം ഒരുക്കി."

താഴെ തന്നിരിക്കുന്ന സൂചനകൾകൂടി പരിഗണിച്ച് ആശാനെക്കുറിച്ചുള്ള കഥാപാത്രനിരൂപണം തയാറാക്കുക.

- കലയ്ക്കുവേണ്ടി ഉഴിഞ്ഞുവച്ച വ്യക്തിത്വം.
- അനുസരണയും അച്ചടക്കവുമുള്ള കലാകാരൻ.
- വേഷങ്ങളിലെ വ്യതിയാനം ഉളവാക്കിയ വേദന.
- സാർഥകമായ കലാജീവിതം.

14. "ഓതുമാറുണ്ടദ്ദേഹ:മഹിംസാമണിച്ചട്ട-
യേതുടവാളിൻ കൊടുവായ്ത്തല മടക്കാത്തൂ?" *(എന്റെ ഗുരുനാഥൻ - വള്ളത്തോൾ)*

- വള്ളത്തോളിന്റെ വരികൾ വിശകലനം ചെയ്ത് അഹിംസയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള പ്രഭാഷണം തയാറാക്കുക.

15. ആശയം, ആസ്വാദനാംശങ്ങൾ മുതലായവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയാറാക്കുക. (6)

**അക്ഷരമാല**

അക്കാണും മരമെന്തമ്മേ?
അക്ഷരമരമാണെൻ കുഞ്ഞേ
അക്ഷരമെന്നാലെന്തമ്മേ?
അറിവിൻ കനിയുടെ കരുവാണ
കണ്ണുകൾ നിറയെക്കാണുക നീ
ഉള്ളുതുറന്നു നിറയ്ക്കുക നീ
കതിരോൻ നിന്റെ തുണയ്ക്കുണ്ട്
കുഞ്ഞാറ്റകളുടെ കൂട്ടുണ്ട്
കുഞ്ഞാറുകളുടെ പാട്ടുണ്ട്
കുഞ്ഞലയായ് ചെറുകാറ്റുണ്ട്
കൂട്ടും പാട്ടും കൂട്ടവുമോരോ-
കൂട്ടക്ഷരമായ് കൂമ്പുന്നൂ-നാം
കൂട്ടക്ഷരമായ് വിരിയുന്നു.
പലവിധ ശാഖകൾ വീശുന്നു
പുതുനറുനാമ്പുകൾ നീളുന്നു
ആമരമടിമുടി പൂക്കുന്നു
അക്ഷരവിരുതിൻ വിളയാട്ടം
അമ്മേ, ഞാനതു നുള്ളട്ടെ?
കുഞ്ഞേ, നീയതു കൊള്ളേണം
അക്ഷരമാല ധരിക്കേണം, നീ
രക്ഷാകവചമതറിയേണം

*(കടമ്മനിട്ട രാമകൃഷ്ണൻ)*



www.spandanamnews.blogspot.in